# Malayala Manorama

# 14 August 2018

# Allapuza: Flood relief



മലയാള മനോരമ 'കൂടെയുണ്ട് നാട്' പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തെ 'നല്ലപാഠം' സ്കൂളുകൾ സമാഹരിച്ച നോട്ടുപുസ്തകങ്ങളും പഠന സാമഗ്രികളും, ആലപ്പുഴ മലയാള മനോരമയിൽ നടന്ന ചടങ്ങിൽ മന്ത്രി ജി.സുധാകരൻ രാമങ്കരി എൻഎസ്എസ് എച്ച്എസ്എസിലെ വിദ്യാർഥികൾക്കു കൈമാറുന്നു. തായങ്കരി സെന്റ് ആന്റണീസ് എൽപിഎസ്, കുട്ടമംഗലം എസ്എൻഡിപി എച്ച്എസ്എസ് എന്നിവിടങ്ങളിലെ വിദ്യാർഥികളും അധ്യാപകരും സമീപം.
ചിത്രം: മനോരമ

## ഒരു ലക്ഷം, സ്നേഹസമ്മാനം!

### 'നല്ലപാഠം' സ്കൂളുകൾ സമാഹരിച്ച ഒരുലക്ഷം നോട്ടുപുസ്തകങ്ങൾ വിതരണം തുടങ്ങി

ആലപ്പുഴ ● ദുരന്തമുഖങ്ങളിൽ മലയാള മനോരമ എന്നും ജനങ്ങൾക്കു തുണയായിട്ടുണ്ടെന്നും സർക്കാരിനും അതു സഹായകമാണെന്നും മന്ത്രി ജി.സുധാകരൻ. പ്രളയബാധിതമായ കുട്ടനാട്ടിലെ സ്കൂളുകളിൽ പഠിക്കുന്ന കൂട്ടുകാർക്കായി സംസ്ഥാനത്തെ 'നല്ലപാഠം' സ്കൂളുകൾ സമാഹരിച്ച നോട്ടുപുസ്തകങ്ങളും പഠന സാമഗ്രികളും വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രളയബാധിതരെ സഹായിക്കാനുള്ള മലയാള മനോരമയുടെ 'കൂടെയുണ്ട് നാട്' പദ്ധതിയുടെ മൂന്നാം ഘട്ടമായാണു 'നല്ലപാഠം' സ്കൂളുകൾ സമാഹരിച്ച ഒരു ലക്ഷത്തിലധികം നോട്ടുപുസ്തകങ്ങൾ വിതരണം ചെയ്യുന്നത്.

കൂടെയുണ്ട്, നാട്

നല്ല പാഠം

കുട്ടനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ആദ്യഘട്ടം മുതൽ മനോരമ ഒപ്പമുണ്ടെന്നു മന്ത്രി പറഞ്ഞു. 'തകരാറുള്ള സ്കൂൾ കെട്ടിടങ്ങളെല്ലാം സർക്കാർ നന്നാക്കും. പാഠപുസ്തകങ്ങൾ നൽകും. അതോടൊപ്പം ഒരുലക്ഷത്തിലേറെ നോട്ടുപുസ്തകങ്ങൾ നല്ല പാഠം വഴി നൽകുന്നതു വലിയ സഹായമാണ്. പ്രളയമുണ്ടായപ്പോൾ മനോരമ എഴുതിയ മുഖപ്രസംഗം ചിന്തനീയമാണ്. സർക്കാർ പറയുന്നതുപോലെ ചെയ്യുക മാത്രമല്ല ജനങ്ങളുടെ ഉത്തരവാദിത്തമെന്ന് അത് ഓർമിപ്പിക്കുന്നു'- മന്ത്രി പറഞ്ഞു.

രാമങ്കരി എൻഎസ്എസ് എച്ച്എസ്എസ്, കുട്ടമംഗലം എസ്എൻഡിപി എച്ച്എസ്എസ്, തായങ്കരി സെന്റ് ആന്റണീസ് എൽപിഎസ് എന്നിവിടങ്ങളിലെ കുട്ടികൾക്കുള്ള പുസ്തകങ്ങളാണു വിതരണം ചെയ്തത്.

## 513 ദുരിതാശ്വാസ ക്യാംപുകൾ

തിരുവനന്തപുരം ● സംസ്ഥാനത്ത് 513 ദുരിതാശ്വാസ ക്യാംപുകളിലായി കഴിയുന്നത് 60,622 പേർ. ആലപ്പുഴ ജില്ലയിൽ നേരത്തേയുണ്ടായ മഴക്കെടുതിയെ തുടർന്നു ക്യാംപുകളിൽ കഴിയുന്നവരുൾപ്പെടെയാണിത്. പ്രളയക്കെടുതിയിൽ സംസ്ഥാനത്താകെ 1501 വീടുകൾ ഭാഗികമായും 101 എണ്ണം പൂർണമായും തകർന്നു.

കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, ഇടുക്കി, ആലുവ എന്നിവിടങ്ങളിലാണ് ഇപ്പോൾ കരസേനയെ വിന്യസിച്ചിട്ടുള്ളത്. വയനാട്, ആലുവ, കൊച്ചി എന്നിവിടങ്ങളിൽ നാവികസേനാ ഉദ്യോഗസ്ഥർ ക്യാംപ് ചെയ്യുന്നു.